കുരുമുളക് സംഭരണത്തിന് കൂടുതൽ തുക

116 [2015] ശ്രീ. തോമസ് ചാഴിക്കാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരുമുളക് കർഷകരെ സഹായിക്കുന്നതിന് മാർക്കറ്റിംഗ് ഫെഡറേഷൻ വഴി ഇതുവരെ എത്ര കോടി രൂപയുടെ കുരുമുളക് സംഭരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) സംഭരണത്തിനായി അനുവദിച്ച തുക അപര്യാപ്തമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) കുരുമുളക് സംഭരണത്തിന് കൂടുതൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുരുമുളക് കർഷകരെ സഹായിക്കുന്നതിന് മാർക്കറ്റ് ഫെഡ് വഴി ഇതുവരെ 8,61,88,650 രൂപയുടെ കുരുമുളക് സംഭരിച്ചു.

(ബി) & (സി) കുരുമുളക് കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതിക്കായി 6 കോടി രൂപയാണ് സർക്കാർ നീക്കിവച്ചിരിക്കുന്നത്. അതിൽ കൃഷിവകുപ്പിന്റെ ടി. എസ്. ബി. അക്കൗണ്ടിൽ കുരുമുളക് സംഭരണത്തിനു നീക്കിവച്ചിട്ടുള്ള 57,32,818 രൂപ മാർക്കറ്റ് ഫെഡറേഷനു നൽകുകയും, കുരുമുളക് സംഭരണത്തിന് ആവശ്യമായ തുക മാർക്കറ്റ് ഫെഡിന് കേരള സംസ്ഥാന സഹകരണ ബാങ്ക് സംഭരിച്ച കുരുമുളകിന്റെ ഈടിൻമേൽ നൽകുന്നതിന്റെ ആദ്യപടിയായി 5 കോടി രൂപ വായ്പയായി നൽകുകയും ചെയ്തിട്ടുണ്ട്. കുരുമുളക് സംഭരണത്തിന് ആവശ്യമായ തുക മാർക്കറ്റ് ഫെഡ്സിന്റെ പക്കലുള്ള കുരുമുളക് സ്റ്റോക്കിന്റെ 90% വിലയുടെ അടിസ്ഥാനത്തിൽ കീ ലോണായി സംസ്ഥാന സഹകരണ ബാങ്ക് നല്കണമെന്ന് തീരുമാനമായിട്ടുണ്ട്.

സംഭരണം ആരംഭിച്ച ശേഷമുള്ള കുരുമുളക് വില

117 [2016] ശ്രീ. കെ. വി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ കുരുമുളക് സംഭരണം ആരംഭിച്ചതിനുശേഷം പൊതു വിപണിയിൽ കുരുമുളകിന്റെ വില കുറയുകയുണ്ടായോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

കുരുമുളക് സംഭരണം ആരംഭിച്ച സമയത്ത് പൊതു വിപണിയിൽ കുരുമുളകിന്റെ വില കുറഞ്ഞിരുന്നുവെങ്കിലും സംഭരണം പുരോഗമിക്കുന്നതോടെ വില ഉയർന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly